പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**05.02.2020** -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.* **69**

## തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.കെ.സി. ജോസഫ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളിൽ<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പ്ലാന്റേഷൻ നയം പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ)ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയത്തിന്റെ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും താഴെ പറയുന്നവയാണ്.<br><br>1) തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.<br>2) തോട്ടം മേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിൽ അവലസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.<br>3) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.<br>4) ചികിത്സാ സൗകര്യങ്ങൾ<br>5) തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.<br>6) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.<br>7) സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പു വരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി.<br>8) തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ. |

9) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

10) തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.

11) തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും.

12) തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കണം.

13) ജലസംരക്ഷണം.

14) സാമൂഹ്യ വനവൽക്കരണ പദ്ധതി

15) പുനർനിർമ്മിക്കാവുന്ന ഊർജ്ജം

16) ടൂറിസം

17) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കും.

18) കോ- ഓർഡിനേഷൻ സമിതി

19) പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനിക വൽക്കരിക്കും.

20) തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും

21) പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്ക് കൂടി ലഭ്യമാക്കും.

22) കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും

23) ഇൻഷുറൻസ് പരിരക്ഷ.

പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റായ അസെൻഡ് 2020 ൽ തോട്ടം മേഖലയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;<br><br>സി) അസെൻഡ് 2020 ൽ അവതരിപ്പിച്ച പദ്ധതികളിൽ തോട്ടം മേഖലയിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (ബി) യും (സി)യും അസെൻഡ് 2020 ൽ തോട്ടം മേഖലയ്ക്ക് മാത്രമായി കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന തരത്തിൽ പ്രഖ്യാപനങ്ങളോ പദ്ധതികളോ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| ഡി) ഈ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കടമ്പകൾ ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) ഉണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കടമ്പകൾ ഉണ്ടാകുന്ന സാഹചര്യം തരണം ചെയ്യുന്നത് സംബന്ധിച്ച കരട് പ്ലാന്റേഷൻ നയത്തിന്മേലുള്ള കൂടുതൽ ചർച്ചകളിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങൾക്കും ഈ മേഖലയിലെ വിദഗ്ധരുടെ നിർദ്ദേശങ്ങൾക്കും അനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ